**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5834** **25-03-2025 - ൽ മറുപടിയ്ക്ക്**

**വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഉപയോഗിച്ചുള്ള പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി ഏതെങ്കിലും ഉദ്യോഗസ്ഥൻ പ്രമോഷൻ നേടിയിട്ടുണ്ടോ; എങ്കിൽ പ്രമോഷൻ നേടിയ ഉദ്യോഗസ്ഥൻ നിലവിൽ അതേ തസ്തികയിൽ സേവനം തുടരുന്നുണ്ടോ; ഇദ്ദേഹം അനധികൃതമായി സ്ഥാനക്കയറ്റം നേടിയെന്ന് എന്നാണ് കണ്ടെത്തിയത്; ഇദ്ദേഹത്തെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതിന് പ്രത്യേക കാരണമുണ്ടോ; ഇദ്ദേഹത്തിനെതിരെ സ്വീകരിച്ചിട്ടുള്ള വകുപ്പുതല അച്ചടക്കനടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (എ) | ഉണ്ട്. തുടരുന്നുണ്ട്. 24.08.2023-ൽ എറണാകുളം ജോയിന്റ് കമ്മീഷണർ (TPS) സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരമാണ് ടി ഉദ്യോഗസ്ഥൻ അനധികൃതമായി സ്ഥാനക്കയറ്റം നേടിയെന്ന് കണ്ടെത്തിയത്. ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. അച്ചടക്ക നടപടികൾ തീർപ്പാക്കിക്കൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ